# INDIAN SCHOOL AL WADI AL KABIR

| CLASS: VIII | DEPARTMENT: MALAYALAM | DATE : 06/06/2021 |
|---|---|---|
| Class Note | Lesson: 3 | Topic: എൻെറ ഗുരുനാഥൻ |

## എൻെറ ഗുരുനാഥൻ

**അർത്ഥം**

താഴ്മ= വിനയം/ ഉന്നതി= ഉയർച്ച/ യോഗവിത്ത്= യോഗി/ ഏവം= ഇങ്ങനെ/ താരകം= നക്ഷത്രം/ ഇഹ = ഇവിടെ/ സംഗം=ചേർച്ച/സ്വച്ഛം= തെളിഞ്ഞ/വിഹായസ്സ്= ആകാശം/ ശസ്ത്രം =ആയുധം/ അവ്വണ്ണം= അങ്ങനെ/സംഗരം= യുദ്ധം/ യജ്ഞം= യാഗം/ പരദേവത= കുടുംബദേവത/ പരിത്യാഗം= ഉപേക്ഷിക്കൽ/ സ്ഥൈര്യം= സ്ഥിരത/ ഭവാന്മാർ= നിങ്ങൾ/ നികടം=അടുത്ത്/ തത്ര= അവിടെ/ കാതരൻ= ഭയമുള്ളവൻ/ പ്രദാനം= ദാനം/ പിശുനൻ= ഏഷണിക്കാരൻ/ അചലം= ചലിക്കാത്തത് (പർവ്വതം) / ശമം=ശാന്തി/ പാദപം= വൃക്ഷം

**പര്യായപദങ്ങൾ**

ലോകം : ജഗത്, ജഗതി, ഭുവനം /പുല്ല് : തൃണം, ശഷ്പം, ഘാസം /താരകം : നക്ഷത്രം, താരം, ഉഡു /വിഹായസ് : ആകാശം, വാനം, ഗഗനം /യജ്ഞം : യാഗം, മഖം, ക്രതു / വാൾ: അസി, ഖഡ്ഗം, കരവാളം/ബുദ്ധി: ധീ, മതി, മനീഷ/അചലം: പർവ്വതം, ഗിരി, അദ്രി

**വിപരീതപദം**

നേട്ടം X കോട്ടം/ ഉന്നതി X അവനതി/ പുണ്യം X പാപം/ ഹിംസ X അഹിംസ/ ശാശ്വതം X നശ്വരം/ ശക്തി X ദൗർബല്യം/ ദൃഢം X ശിഥിലം

**വിഗ്രഹിക്കുക**

താരകാമണിമാല= താരകമാകുന്ന മണിമാല/ ധർമ്മസംഗരം= ധർമ്മത്തിനു വേണ്ടിയുള്ള സംഗരം/പുണ്യാധ്യാപനം=പുണ്യമായ അധ്യാപനം/ ഹിംസാദോഷം=ഹിംസ എന്ന ദോഷം/ അഹിംസാമണിച്ചട്ട= അഹിംസയാകുന്ന മണിച്ചട്ട/ കൊടുവായ്ത്തല= കൊടിയ വായ്ത്തല

**നാനാർത്ഥം**

യോഗം; ചേർച്ച, വിധി, ഭാഗ്യം/ കർമ്മം: പ്രവൃത്തി, മതപരമായ ക്രിയ/ മണി: മുത്ത്, രത്നം, വിത്ത്/ പാദം: കാല്, ശ്ലോകത്തിൻെറ ഒരു വരി, ചുവടുഭാഗം

**എതിർലിംഗം**

ഗുരുനാഥൻ - ഗുരുനാഥ/ ആചാര്യൻ -ആചാര്യ/ ഭഗവാൻ -ഭഗവതി/ ഭവാൻ- ഭവതി/ ധീരൻ- ധീര/ കാതരൻ- കാതര/ സിംഹം- സിംഹി

**<u>അർത്ഥവ്യത്യാസം</u>**

1. യോഗം= ചേർച്ച  യാഗം= യജ്ഞം/2. സംഗം= ചേർച്ച, സംഗരം=യുദ്ധം/3. ലേപം= പൂശൽ  ലോപം = കുറവ്/ 4. സംഗരം = യുദ്ധം   സാഗരം = കടൽ

**<u>സന്ധി</u>**

ത്യാഗമെന്നത് =ത്യാഗം+എന്നത്=ആദേശസന്ധി/ നീളെപ്പുരളുക=നീളെ+പുരളുക= ദ്വിത്വസന്ധി/ പുണ്യാദ്ധ്യാപനം=പുണ്യ+അദ്ധ്യാപനം=സവർണ്ണദീർഘസന്ധി/ശാന്തിയാണ്= ശാന്തി+ആണ്=ആഗമസന്ധി/ ഓതുമാറുണ്ട്= ഓതുമാറ്+ഉണ്ട്=ലോപസന്ധി/ രക്ഷോപായം= രക്ഷ+ഉപായം=ഗുണസന്ധി/ ശരിക്കിത്ര=ശരിക്ക്+ഇത്ര=ലോപസന്ധി/ ഇല്ലിഹ=ഇല്ല+ഇഹ= ലോപസന്ധി/ ഗംഗയാറ്= ഗംഗ+ആറ്=ആഗമസന്ധി/

***<u>ഉത്തരമെഴുതുക</u>***

***<u>1. മഹാത്മാഗാന്ധിജിയെ കവി യോഗവിത്ത് എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?</u>***

ലോകത്തെ തറവാടായും ചരാചരങ്ങളെ കുടുംബക്കാരായും ത്യാഗത്തെ നേട്ടമായും താഴ്മയെ ഉന്നതിയായും കരുതുന്നവനാണ് യോഗി. ഈ സ്വഭാവഗുണം ഉള്ളതുകൊണ്ടാണ് ഗാന്ധിജിയെ കവി യോഗവിത്ത് എന്ന് വിളിക്കുന്നത്.

***<u>2. ഗാന്ധിജിയെ ആചാര്യൻ എന്ന് കവി വിശേഷിപ്പിക്കാൻ കാരണമെന്ത്?</u>***

ആയുധമില്ലാതെ ധർമ്മയുദ്ധം ചെയ്യുകയും പുസ്തകമില്ലാതെ പുണ്യാധ്യാപനം നിർവ്വഹിക്കുകയും ഔഷധമില്ലാതെ രോഗം ശമിപ്പിക്കുകയും ഹിംസാദോഷമില്ലാതെ യാഗം നടത്തുകയും ചെയ്യുന്നതുകൊണ്ടാണ് ഗാന്ധിജിയെ ആചാര്യൻ എന്ന് കവി വിശേഷിപ്പിക്കുന്നത്.

***<u>3. ആരോടെല്ലാമാണ് ഗാന്ധിജിയെ കവി താരതമ്യപ്പെടുത്തുന്നത്?</u>***

ക്രിസ്തു, കൃഷ്ണൻ, ബുദ്ധൻ, ശങ്കരാചാര്യർ, രന്തിദേവൻ, ഹരിശ്ചന്ദ്രൻ, മുഹമ്മദ്നബി എന്നിവരോടാണ് കവി ഗാന്ധിജിയെ താരതമ്യപ്പെടുത്തുന്നത്.

***<u>4. മഹാന്മാരുടെ എന്തെല്ലാം ഗുണങ്ങളാണ് ഗാന്ധിജിയിൽ കവി കാണുന്നത്?</u>***

പരിത്യാഗശീലം, ധർമ്മരക്ഷാമാർഗ്ഗം, അഹിംസ, ബുദ്ധിശക്തി, ദയാവായ്പ്, സത്യം, സൈസ്ഥര്യം എന്നീ ഗുണങ്ങളാണ് കവി ഗാന്ധിജിയിൽ കാണുന്നത്.

***<u>5. ഗാന്ധിജിയെ കാണുമ്പോൾ ആരിലെല്ലാമാണ് മാറ്റങ്ങൾ ഉണ്ടാകുന്നത്?</u>***

ഗാന്ധിജിയെ കാണുമ്പോൾ ഭീരു ധീരനും കർക്കശക്കാരൻ കൃപാവശനും പിശുക്കൻ ദാനശീലനും നുണയൻ സുവചനനും അലസൻ കർമ്മോന്മുഖനുമായി മാറുന്നു.

***